**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- നഗരകാര്യം- പെരുമ്പാവൂർ നഗരസഭയിലെ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ ശ്രീ.ഹരിശങ്കർ എൻ-ന്റെ നിരീക്ഷണ കാലയളവ് ദീർഘിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 214/2019/തസ്വഭവ. തീയതി, തിരുവനന്തപുരം, 31.01.2019

പരാമർശം : 1. നഗരകാര്യ ഡയറക്ടറുടെ 17.12.2018 തിയതിയിലെ ഇ 7-27561/18 നമ്പർ കത്ത്.

2. നഗരകാര്യ ജോയിന്റ് ഡയറക്ടറുടെ 17.12.2018 തിയതിയിലെ ഇ 7-27561/18 നമ്പർ ഉത്തരവ്.

## **ഉത്തരവ്**

കേരള മുനിസിപ്പൽ കോമൺ സർവ്വീസിൽ 16.07.2007 തീയതിയിൽ എൽ.ഡി.ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഹരിശങ്കർ.എൻ ഈ തസ്തികയിൽ പ്രൊബേഷൻ ഡിക്ളയർ ചെയ്യുന്നതിനാവശ്യമായ പരീക്ഷ (എം.ഒ.പി. ടെസ്റ്റ്) 31.01.2012 തീയതിയിലാണ് വിജയിച്ചിട്ടുള്ളത് എന്നതിനാൽ പരീക്ഷ പാസ്സായ തീയതിക്ക് അനുസൃതമായി ടിയാളുടെ നിരീക്ഷണ കാലയളവ് കെ.എസ്& എസ്.എസ്.ആർ ജനറൽ റൂൾ 21 പ്രകാരം ദീർഘിപ്പിച്ച് നൽകണമെന്ന് നഗരകാര്യ ഡയറക്ടർ പരാമർശം 1 പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. 16.07.2007 തീയതിയിൽ എൽ.ഡി.ക്ളർക്ക്/ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഹരിശങ്കർ.എൻ ഈ തസ്തികയിൽ രണ്ടുവർഷത്തെ ഡ്യൂട്ടി പൂർത്തിയാകുന്നതിന്റെ തൊട്ടടുത്ത ദിവസം മുതൽ ഒരു വർഷത്തേക്ക്(16.07.2010 വരെ) ടിയാളുടെ നിരീക്ഷണകാലം, പരാമർശം 2 പ്രകാരം നിയമനാധികാരി (നഗരകാര്യഡയറക്ടർ) ദീർഘിപ്പിച്ചു ഉത്തരവായിരുന്നു.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മുനിസിപ്പൽ കോമൺ സർവ്വീസിൽ 16.07.2007 തീയതിയിൽ എൽ.ഡി.ക്ലാർക്ക്/ ബിൽകളക്ടർ തസ്തികയിൽ സേവനത്തിൽ പ്രവേശിച്ച ശ്രീ.ഹരിശങ്കർ.എൻ, 31.01.2012 തീയതിയിൽ നടന്ന പരീക്ഷയിലാണ് ടി തസ്തികയിൽ നിരീക്ഷണകാലം വിജയകരമായി പൂർത്തിയാക്കിയതായി പ്രഖ്യാപിക്കുന്നതിനാവശ്യമായ എം.ഒ.പി.പരീക്ഷ പാസ്സായത്

എന്നതിനാൽ ടിയാളുടെ നിരീക്ഷണകാലം 01.02.2012 പൂർവ്വാഹ്നത്തിൽ വിജയകരമായി പൂർത്തിയാക്കിയതായി നഗരകാര്യഡയറക്ടർക്ക് പ്രഖ്യാപിക്കാൻ സാധിക്കത്തക്ക രീതിയിൽ, നിയമനാധികാരി നിരീക്ഷണകാലം ദീർഘിപ്പിച്ചു നൽകിയ തീയതിയുടെ തൊട്ടടുത്ത ദിവസമായ 17.07.2010 മുതൽ 02.02.2012 വരെ, KS& SSRs, Part II ചട്ടം 21 പ്രകാരം നിരീക്ഷണകാലം ദീർഘിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എസ് മോഹൻദാസ്**
അഡിഷണൽ സെക്രട്ടറി

നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ശ്രീ.ഹരിശങ്കർ.എൻ, എൽ.ഡി.ക്ലാർക്ക്/ബിൽ കളക്ടർ, പെരുമ്പാവൂർ നഗരസഭ
(നഗരകാര്യ ഡയറക്ടർ മുഖേന)
സെക്രട്ടറി, പെരുമ്പാവൂർ നഗരസഭ (നഗരകാര്യ ഡയറക്ടർ മുഖേന)
ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ,തിരുവനന്തപുരം.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ